# മലയാളം
# Malayalam
# (232)
## നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignment

പരമാവധി മാർക്ക് : 20
**Max.Marks : 20**

---

**കുറിപ്പ്: (i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.**

**(ii) ഉത്തരക്കടലാസിന്റെ ഒന്നാംപുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക.**

**I) താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40–60 വാക്കിൽ ഉത്തരമെഴുതുക.**

1. പരബ്രഹ്മയ്യരുടെ സങ്കടം കണ്ട നാട്ടുകാരുടെ പ്രതികരണം 'കച്ചട്ടി സ്വാമിയാരുടെ കഥ' യിലൂടെ സഞ്ജയൻ ചിത്രീകരിക്കുന്നതെങ്ങനെ? (2 മാർക്ക്)

(ആധാരം : പാഠം – 2)

2. വാസവദത്തയുടെ മാളികയുടെ ചിത്രം കുമാരനാശാൻ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? (2 മാർക്ക്)

(ആധാരം: പാഠം – 10)

**II) താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40–60 വാക്കിൽ ഉത്തരമെഴുതുക.**

1. കുഞ്ഞുങ്ങളെ വളർത്തേണ്ടത് എങ്ങനെയെന്ന് കെ.പി.കേശവമേനോൻ 'കുടുംബജീവിതം' എന്ന ഉപന്യാസത്തിലൂടെ വിശദമാക്കുന്നതെങ്ങനെ? (2 മാർക്ക്)

2. 'മനസ്വിനി' എന്ന കവിതയിൽ ദിവ്യമായ ആ അഴകിനെ വർണ്ണിക്കാൻ തുടങ്ങിയപ്പോൾ തനിക്കുണ്ടായ അനുഭവം ചങ്ങമ്പുഴ വർണ്ണിക്കുന്നതെങ്ങനെ? (2 മാർക്ക്)

(ആധാരം: പാഠം – 26)

**III) താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40–60 വാക്കിൽ ഉത്തരമെഴുതുക.**

1. ഇന്ത്യയുടെ ഏകത്വത്തിന്റെ സവിശേഷതകളായി ജവഹർലാൽ നെഹ്റു ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ ഏതെല്ലാം? (2 മാർക്ക്)

(ആധാരം : പാഠം – 26)

2. 'രാവണൻ പിടിച്ച പുലിവാല്' എന്ന പാഠഭാഗത്ത് കുഞ്ചൻ നമ്പ്യാർ നടത്തുന്ന ഫലിത പരിഹാസ പ്രയോഗങ്ങൾ എന്തെല്ലാം? (2 മാർക്ക്)

(ആധാരം : പാഠം – 24)

**IV) താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100–150 വാക്കിൽ ഉത്തരമെഴുതുക.**

1. "പെണ്ണുകാണാൻ പോകുമ്പോൾ കണ്ണുമാത്രം പോരാ കണ്ണാടിയും കൈയിൽ കൊണ്ടുപോണം" – ഈ വരികൾ പരാവർത്തനം ചെയ്ത് ആശയം വിശദീകരിക്കുക (4 മാർക്ക്)

(ആധാരം : പാഠം – 5)

2. സ്ത്രീ അനുഭവിക്കുന്ന ത്യാഗങ്ങളും ദുഃഖങ്ങളും 'പെങ്ങൾ' എന്ന കവിതയിൽ ഒ.എൻ.വി.കുറുപ്പ് ധ്വനിപ്പിക്കുന്നത് എങ്ങനെ? (4 മാർക്ക്)

(ആധാരം : പാഠം – 18)

**V) താഴെകൊടുത്തിരിക്കുന്ന ഒന്നിനെക്കുറിച്ച് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

1. "ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾക്ക് ആധുനിക കാലത്തും പ്രസക്തിയേറുകയാണ്" - 'ഒരു ജാതി ഒരു മതം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക. (4 മാർക്ക്)

   ആധാരം : പാഠം - 23)

2. സ്കൂൾ പരിസരത്ത് വർദ്ധിച്ചുവരുന്ന ലഹരി വില്പനയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസ് അധികാരികൾക്ക് അയയ്ക്കാനുള്ള കത്ത് തയ്യാറാക്കുക. (4 മാർക്ക്)

   (ആധാരം : പാഠം - 9)

**VI) താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (6 മാർക്ക്)**

1. 'കേരളത്തിലെ മാറിവരുന്ന കാലാവസ്ഥ' എന്ന വിഷയത്തിൽ നാട്ടിലെ വായനശാലയിൽ ഒരു ചർച്ച സംഘടിപ്പിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് ചർച്ചയിൽ അവതരിപ്പിക്കുവാൻ നിങ്ങൾ തയ്യാറാക്കുന്ന വാദമുഖങ്ങൾ വിശദീകരിക്കുക.

   (ആധാരം : പാഠം - 20)

2. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളുടെ അമിത ഉപയോഗം കുടുംബജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു ലേഖനം തയ്യാറാക്കുക.